**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1303** **19-09-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് മാറ്റാൻ ദേശീയപാത അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു നിർദ്ദേശം ഉണ്ടായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC ( Public Private Partnership Appraisal Committee) യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിൽ ഉണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area കളിൽ അപകട സാധ്യത ഉണ്ടോ എന്ന് കൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് NHAI യോട് നിർദ്ദേശിച്ചിരുന്നു.<br><br>ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04.09.2025 ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തി, മൂന്ന് മാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നതായി NHAI അറിയിക്കുന്നു. സമിതി റിപ്പോർട്ട് വിലയിരുത്തിയ ശേഷം തുടർനടപടി തീരുമാനിക്കും എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.<br><br>ഏറ്റെടുക്കുന്ന ഭൂമിക്ക് നിയമപരമായ നഷ്ടപരിഹാരം കണക്കാക്കി നൽകുമെന്നും NHAI അറിയിച്ചിട്ടുണ്ട്. |
| (ബി) | ദേശീയപാത അതോറിറ്റിയുടെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് രേഖകൾ കൈമാറി നഷ്ടപരിഹാരത്തിനായി കാത്തിരിക്കുന്ന ഭൂവുടമകളെ ഈ തീരുമാനം ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ രണ്ടു വർഷമായി ഭൂമിയിൽ യാതൊരു ക്രയവിക്രയവും നടത്തുവാൻ കഴിയാതെ പ്രതിസന്ധിയിൽ ആയിട്ടുള്ള | (ബി) | എ പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകാമോ ; | | |
| (സി) | അലൈൻമെന്റ് മാറി ഭൂമി ഏറ്റെടുക്കാത്ത സാഹചര്യം ഉണ്ടായാൽ മേൽപ്പറഞ്ഞ ഭൂവുടമകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ